**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കേരളത്തിലെ അങ്കണവാടികളിലും പ്രീ-പ്രൈമറി സ്കൂളുകളിലും പഠിക്കുന്ന കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതുപോലെ നിലത്തെഴുത്ത് കളരികളിൽ പഠിക്കുന്ന കുട്ടികൾക്കും പോഷകാഹാരം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ) നം.**258/2019/തസ്വഭവ.** തീയതി, തിരുവനന്തപുരം,**05/02/2019.**

പരാമർശം :- 1. 13/12/2017 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പിലെ 4.11 ഖണ്ഡിക തീരുമാനം.

2. പഞ്ചായത്ത് ഡയറക്ടറുടെ 27.04.2018, 02/06/2018, 24/07/2018 എന്നീ തീയതികളിലെ ജെ1/19410/2018 നം കത്ത്.

## <u>ഉത്തരവ്</u>

കേരളത്തിലെ അങ്കണവാടികളിലും പ്രീ-പ്രൈമറി സ്കൂളുകളിലും പഠിക്കുന്ന കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതുപോലെ നിലത്തെഴുത്ത് കളരികളിൽ പഠിക്കുന്ന കുട്ടികൾക്കും പോഷകാഹാരവും സ്കോളർഷിപ്പും അലവൻസും അനുവദിക്കണമെന്നുള്ള ആവശ്യം സംബന്ധിച്ച് വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി .

അംഗൻവാടികളിൽ പഠിക്കുന്ന കുട്ടികൾക്ക് നിലവിൽ സ്കോളർഷിപ്പ്, അലവൻസ് എന്നിവ നൽകിവരുന്നില്ല. അതിനാൽ നിലത്തെഴുത്ത് കളരികളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്, അലവൻസ് എന്നിവ നൽകേണ്ടതില്ലായെന്നും അംഗൻവാടികളിൽ പഠിക്കുന്ന കുട്ടികൾക്ക് നൽകുന്നതുപോലെ പോഷകാഹാരം നൽകാവുന്നതാണെന്നും, കേരളത്തിൽ നിലവിൽ 1152 നിലത്തെഴുത്ത് കളരികളിൽ 13670 കുട്ടികളുണ്ടെന്നും ഈ കുട്ടികൾക്ക് അംഗൻവാടികളിൽ പഠിക്കുന്ന കുട്ടികളെപ്പോലെ പോഷകാഹാരം നൽകുന്നതിന് നിലവിലെ നിരക്കനുസരിച്ച് ഒരു കുട്ടിക്ക് ഒരു ദിവസത്തേക്ക് 16/- രൂപ ക്രമത്തിൽ ഒരു വർഷത്തിൽ 300

ദിവസത്തേക്ക് 6,56,16,000/- രൂപ (ആറ് കോടി അൻപത്തിയാറ് ലക്ഷത്തി പതിനാറായിരം രൂപ മാത്രം) ചെലവാകുമെന്നും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലത്തെഴുത്ത് കളരികളിൽ പഠിക്കുന്ന കുട്ടികൾക്ക് അംഗൻവാടികളിൽ പഠിക്കുന്ന കുട്ടികൾക്ക് നൽകുന്നതുപോലെ പോഷകാഹാരം വിതരണം ചെയ്യുന്നതിനും ഇതിനാവശ്യമായ തുക പ്രാദേശിക സർക്കാരുകൾക്ക് അവരുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
സെക്രട്ടറി, അമ്പലപ്പുഴ താലൂക്ക് കമ്മിറ്റി, കേരള നിലത്തെഴുത്ത് ആശാൻ സംഘടന.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ ) കേരള,.ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (10/12/2018 ലെ എസ്.എഫ്.സി-A2/118/2018/ധന)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ